# പത്രക്കുറിപ്പ് (26.07.2017)

## വൃദ്ധയെ ആക്രമിച്ച് കവർച്ച ചെയ്ത കേസ്സിലെ പ്രതിയെ അറസ്റ്റ് ചെയ്തു.

കട്ടിലപ്പൂവ്വം വാരിക്കുളത്ത് താമസിച്ചു വരുന്ന 70 കാരിയായ വൃദ്ധയായ പൂങ്കുന്നേൽ വീട്ടിൽ പരമേശ്വരൻ ഭാര്യ ശാരദ എന്ന സ്ത്രീയുടെ വീട്ടിൽ അതിക്രമിച്ച് കയറി പട്ടിക വടി കൊണ്ട് തലയ്ക്കടിച്ച് പരിക്കേൽപ്പിച്ച് കവർച്ച ചെയ്ത കേസ്സിലെ പ്രതിയായ ചന്ദ്രൻ, 64 വയസ്സ്, ചെറുപറമ്പിൽ വീട്, മുട്ടിക്കൽ, കുണ്ടുകാട് എന്നയാളെ വിയ്യൂർ പോലീസ് അറസ്റ്റ് ചെയ്തു. വാരികുളത്തുള്ള വീട്ടിൽ ഒറ്റയ്ക്ക് താമസിച്ചുവരുന്ന വൃദ്ധ രാത്രി സ്ഥിരമായി കിടന്നുറങ്ങുന്നതിനായി ടിയാരിയുടെ സഹോദരൻെറ വീട്ടിലേയ്ക്ക് പോയി പുലർച്ചയോടെ തിരികെ വരുന്നുണ്ടെന്ന് മനസ്സിലാക്കിയ പ്രതി ആവലാതിക്കാരിയുടെ കയ്യിൽ ധരിച്ചിരുന്ന വളകളും, മാലയും മോഷണം ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി ആവലാതിക്കാരിയുടെ വീടിൻെറ വരാന്തയിൽ രാത്രി വന്ന് തക്കംപാർത്തിരുന്ന ശേഷം ആവലാതിക്കാരി പുലർച്ചയോടെ വീട്ടിലെത്തിയ സമയം മുളകുപൊടി കലക്കിയ വെള്ളം ആവലാതിക്കാരിയുടെ മുഖത്തേയ്ക്ക് ഒഴിച്ച ശേഷം മരവടി ഉപയോഗിച്ച് ആവലാതിക്കാരിയെ തലയിൽ അടിക്കുകയും, അടികൊണ്ട് ആവലാതിക്കാരി വീടിനകത്തുനിന്ന് ബഹളം വെച്ച് പുറത്തേയ്ക്ക് ഓടിയതിനാൽ വളയും മാലയും കൈക്കലാക്കുവാൻ സാധിക്കാതിരുന്ന പ്രതി വിടിനകത്തെ അലമാരയിൽ സൂക്ഷിച്ചിരുന്ന നാല് ഗ്രാം തൂക്കം വരുന്ന സ്വർണ്ണ മോതിരവും, പണവും കവർച്ച ചെയ്ത ശേഷം സ്ഥലത്തു നിന്നും രക്ഷപ്പെടുകയാണ് ഉണ്ടായത്. ആവലാതിക്കാരിയുടെ സഹോദരൻെറ വീടിനടുത്ത് താമസിക്കുന്നയാളായ പ്രതിയെ ആവലാതിക്കാരി തിരിച്ചറിയാതിരിക്കുന്നതിനായി തലയിൽ തോർത്ത് മുണ്ട് കെട്ടിയാണ് പ്രതി കവർച്ചയ്ക്കായി എത്തിയത്. കവർച്ചയ്ക്ക് ശേഷം സംഭവ സ്ഥലത്ത് നിന്ന് രക്ഷപ്പെട്ട പ്രതിയുടെ ചെരിപ്പ് സ്ഥലത്ത് നിന്ന് കണ്ടുകിട്ടിയതിനെ തുടർന്നുള്ള അന്വേഷണത്തിലാണ് പ്രതി പോലീസിൻെറ പിടിയിലായത്. വീട്ടുകാരുമായി പിണങ്ങി ഒറ്റയ്ക്ക് കഴിഞ്ഞു വരുന്ന പ്രതി മുൻപ് ഉൾപ്പെട്ടിട്ടുള്ള

കേസ്സിൻെറ നടത്തിപ്പിനായി പണം സ്വരൂപിക്കുന്നതിനുവേണ്ടിയാണ് കവർച്ച നടത്തിയതെന്ന് അന്വേഷണത്തിൽ മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതാണ്. കവർച്ച ചെയ്ത സ്വർണ്ണ മോതിരം തൃശ്ശൂർ ജയ്ഹിന്ദ് മാർക്കറ്റിലുള്ള ഒരു കടയിൽ വിൽപ്പന നടത്തിയശേഷം രക്ഷപ്പെടുന്നതിനായി പുലർച്ചയോടെ ബസ്സ് സ്റ്റാൻഡിലേയ്ക്ക് പോകുന്ന സമയത്താണ് പ്രതിയെ പോലീസ് പിടികൂടിയത്. വിയ്യൂർ പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ ടി ശശികുമാർ, എ.എസ്.ഐ മാരായ സന്തോഷ്, പൗലോസ്, ശെൽവകുമാർ, എസ്.സി.പി.ഒ മാരായ മനോജ്, സന്തോഷ്, നെൽവിൻ എന്നിവരടങ്ങിയ അന്വേഷണ സംഘമാണ് കൃത്യം നടന്ന് 24 മണിക്കൂറിനകം തന്നെ പ്രതിയെ പിടികൂടിയത്



Sd/-
ജില്ലാ പോലീസ് മേധാവി,
തൃശ്ശൂർ സിറ്റി.